



# ചികിത്സാരംഗത്ത് നാട്ടുകാർക്ക് ചിലത് പറയുവാനുണ്ട്

ഇ.നാരായണൻ

ഇന്ന് സാധാരണക്കാർക്ക് വന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ വൃക്കരോഗം, ബ്ലഡ് ക്യാൻസർ തുടങ്ങിയ രോഗങ്ങളൊന്നും ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിച്ചുവരുന്ന ഡോക്ടർമാർക്കും, നേഴ്സുമാർക്കും, മറ്റ് ആശുപത്രി ജീവനക്കാർക്കും വന്നുകാണുന്നില്ല. വൃക്കരോഗം, ബ്ലഡ് ക്യാൻസർ എന്നിവയൊന്നും തന്നെ പകർച്ചവ്യാധികളല്ല. ഡോക്ടർമാരും, നേഴ്സുമാരും നിരന്തരം രോഗികളുമായി ഇടപഴകി വരുന്നുണ്ട്. എന്നിട്ടും ഇത്ര ചിലവുകൂടിയ രോഗങ്ങൾ ഇവരിലാർക്കും കാണാതിരിക്കുന്നതെന്തുകൊണ്ട്? വൃക്കരോഗത്തിന് ചികിത്സയെടുക്കുന്ന ആശുപത്രികളിൽ ഡയാലിസിസിന് സാധാരണക്കാരായ രോഗികൾ ക്യൂ നിൽക്കുകയാണ്. കേരളത്തിൽ പനി പടർന്നു പിടിക്കുമ്പോൾ മരിക്കുന്നതുമുഴുവനും സാധാരണക്കാരാണ്. എത്ര ഡോക്ടർമാരും നേഴ്സുമാരും ആശുപത്രി ജീവനക്കാരും പനി മൂലം മരിച്ചുവെന്ന് കണക്കെടുപ്പ് നടന്നില്ല, ഉണ്ടായിരുന്നെങ്കിൽ അവരിൽ എത്രപേർക്ക് ഇപ്പോൾ പൊതുജനങ്ങൾക്ക് നൽകിവരുന്ന മരുന്നുകൾ ഉപയോഗിക്കുന്നു എന്നറിയാൻ കഴിയും. ഇതിൽനിന്നെല്ലാം വ്യക്തമാണ് ഡോക്ടർമാരും നേഴ്സുമാരും, മറ്റ് ആശുപത്രി ജീവനക്കാരും തനിക്കും തന്റെ മക്കൾക്കും ബന്ധുക്കൾക്കും ഈ മരുന്നുകൾ നൽകുന്നില്ലെന്ന്. ബോംബെയിലെ ചായ്പുകളിലും മറ്റും യാതൊരു ശാസ്ത്രീയപരീക്ഷണനിരീക്ഷണങ്ങളും നടത്താതെ ഉണ്ടാക്കി വിറ്റുവരുന്ന മരുന്നിന്റെ ആക്ഷനും റിയാക്ഷനും മെഡിക്കൽ പ്രതിനിധികൾ മാത്രം പറയുന്ന വിവരങ്ങൾ വെച്ച്, പൊതുജനങ്ങൾക്ക് നിർദ്ദേശിക്കുന്നത് ജനദ്രോഹമല്ലെങ്കിൽ മറ്റെന്താണ്? നിരോധിച്ച മരുന്നുകൾ ഏതെല്ലാമാണെന്ന് പാവം സാധാരണജനങ്ങൾ അറിയുന്നില്ല. ഒരിക്കൽ നല്ല മരുന്നാണെന്ന് സാക്ഷ്യപ്പെടുത്തി വിൽക്കാൻ പച്ചക്കൊടി കാണിച്ച ഡ്രഗ് കൺട്രോളർ തന്നെയാണ് ആ മരുന്ന് ഗുണനിലവാരമില്ലാത്തതായതിനാൽ നിരോധിച്ചിരിക്കുന്നുവെന്ന് പറയുന്നത്. അങ്ങനെയെങ്കിൽ അത്രനാളും ഉപയോഗിച്ചവരുടെ സ്ഥിതി എന്താണ്? പണ്ട് മരുന്നിന്റെ ഗുണനിലവാരം പരീക്ഷിച്ചിരുന്നത് എലികളിലും കുരങ്ങുകളിലും പന്നികളിലുമായിരുന്നു, ഇന്ന് പൊതുജനങ്ങളിൽ നേരിട്ട് പ്രയോഗിക്കുന്നുവെന്ന് മാത്രം.

മരുന്നുമാഫിയകളെ സംബന്ധിച്ചിടത്തോളം രോഗങ്ങളും രോഗികളും നിലനിൽക്കണം. എങ്കിൽ മാത്രമേ അവരുടെ വ്യവസായം വളരുകയുള്ളൂ. തലവേദന വന്ന രോഗിക്ക് എന്തുകൊണ്ട് തലവേദന വന്നുവെന്ന് അവന്റെ ജീവിതരീതിയിൽനിന്നും, ആഹാരരീതിയിൽനിന്നും പഠിക്കാതെ, വൃക്ക കേടാവുന്നതും ബ്രെയിൻ ട്യൂമർ ഉണ്ടാവുന്നതുമായ മരുന്ന് നിർദ്ദേശിച്ച്, രോഗി ചികിത്സാപിഴവുമൂലം മരിച്ചു, എന്ന ആരോപണങ്ങളുടെ നിയമക്കുരുക്കിൽ കുടുങ്ങി ഉഴലേണ്ടിവരുന്നത്, അലോപ്പതി ചികിത്സാശാസ്ത്രത്തിന്റെ പിഴവല്ലാതെ മറ്റെന്താണ്? ഇത്തരം ചികിത്സാ പിഴവുകൾ മറ്റ് ചികിത്സകളിൽ കാണുന്നുമില്ല.

മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരവയവമാണ് വൃക്ക. അതിന്റെ പേരുതന്നെ 'ഭദ്ര' എന്നാണ്. അതുകൊണ്ട് തന്നെയാണ് ഭദ്രമായി ശരീരത്തിനകത്ത് എല്ലിൻകൂട്ടിൽതന്നെ പ്രകൃതി ഭദ്രമായി ഫിറ്റ് ചെയ്തിരിക്കുന്നതും. മരണംവരെ പ്രവർത്തിക്കേണ്ടതും, മരണസമയത്തുപോലും മൂത്രം വിസർജ്ജിക്കുന്നതുമായ വൃക്ക കേടാവുന്നത് അമിതമായ അലോപ്പതി മരുന്നുകളുടെ ഉപയോഗം തന്നെയെന്ന് പറയാതിരിക്കാൻ വയ്യ. ബി.പി.ക്ക് കഴിക്കുന്ന മരുന്നുകൾക്കെല്ലാം തന്നെ റിയാക്ഷനുണ്ടെന്ന് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആ ശിരസിലെഴുത്ത് പൊതുജനം വായിക്കുന്നില്ലെന്നും രോഗികളെ മനസ്സിലേക്കേണ്ട ഉത്തരവാദിത്വം മരുന്ന് കുറിക്കുന്നവർക്കില്ലെന്നുള്ളതും ശ്രദ്ധേയമാണ്.

ആധുനിക അലോപ്പതി വൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങൾ സമൂഹത്തിന് ആശ്രയമായിത്തീരേണ്ടത് അടിയന്തിര ഘട്ടത്തിലുള്ള അത്യാപത്തിലും ജന്മവൈകല്യങ്ങളിലും ലളിതമായ മറ്റ് ചികിത്സകൾ പരാജയപ്പെടുന്നിടത്തും ഒരു താങ്ങായി നിന്നിരുന്നുവെങ്കിൽ, ഈ വിവാദങ്ങൾക്ക് വഴിയൊരുക്കുമായിരുന്നില്ല. അതുകൊണ്ടുതന്നെയാണ് പൊതുജനം പറയുന്നതും, ഇന്ന് ചികിത്സിച്ചിട്ടാണ് പലരും മരിക്കുന്നതെന്ന്. ഗാന്ധിജി പറഞ്ഞിട്ടുള്ളതും നാം വൈദേശികാധിപത്യത്തിൽനിന്നും മുക്തിനേടിയാൽ മാത്രം പോരാ.... അവരുടെ ഔഷധങ്ങളിൽനിന്നും മുക്തി നേടിയിരിക്കണം എന്ന്.

*നിളാ നേചർ ക്യൂവർ &*
*യോഗ എഡ്യുക്കേഷൻ സെന്റർ, മായന്നൂർ കടവ്, തൃശൂർ*

പ്രിയ കേരളീയം വായനക്കാരാ/രി,

താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (180 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.

കേരളീയം, കൊക്കാലെ, തൃശൂർ-21.
ഫോൺ : 9388872845, 9447674375